**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1262** **01-02-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-24 -ലെ ബജറ്റിൽ തുക വകയിരുത്തിയതും ഭരണാനുമതി ലഭിച്ചതുമായ പെരുമ്പാവൂർ-പുത്തൻകുരിശ് റോഡിന്റേയും തിരുവാണിയൂർ -വെട്ടിക്കൽ റോഡിന്റേയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | പെരുമ്പാവൂർ പുത്തൻകുരിശ് റോഡിലെ പ്രവൃത്തിയുടെ ഭാഗമായ റോഡിന്റെ വീതി കൂട്ടൽ ദ്രുതഗതിയിൽ പുരോഗമിച്ച് വരികയാണ്. ആയത് പൂർത്തിയാകുന്നതോടുകൂടി ബി.എം. പ്രവൃത്തി ആരംഭിക്കുന്നതാണ്. റോഡിലെ വാഹന തിരക്ക് മൂലം പ്രവൃത്തിയുടെ ഭാഗമായ കലുങ്കിന്റെ നിർമ്മാണം രണ്ടു ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഇതിൽ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുള്ളതാണ്. തിരുവാണിയൂർ - വെട്ടിക്കൽ റോഡിൽ "General Budget work 2023-24 Bl,A &BC from Thiruvaniyoor (Km. 0/000 to Vettikkal Km. 2/530) General Civil Work" എന്ന ബഡ്ജറ്റ് പ്രവൃത്തി കരാറുകാരന് എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കി 31.08.2023 ന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. എന്നാൽ റോഡിൽ വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ (JJM) പ്രവൃത്തിയുള്ളതിനാൽ കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജലജിവൻ മിഷന്റെ കട്ടിംഗിനുള്ള റെസ്റ്റൊറേഷൻ തുക കേരള വാട്ടർ അതോറിറ്റി ഒടുക്കിയിട്ടില്ലാത്തതിനാൽ കട്ടിംഗിനുള്ള അനുവാദം നിലവിൽ നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | പെരുമ്പാവൂർ പുത്തൻകുരിശ് റോഡിലെ പ്രവൃത്തിയുടെ ഭാഗമായ റോഡിന്റെ വീതി കൂട്ടൽ ദ്രുതഗതിയിൽ പുരോഗമിച്ച് വരികയാണ്. ആയത് പൂർത്തിയാകുന്നതോടുകൂടി ബി.എം. പ്രവൃത്തി ആരംഭിക്കുന്നതാണ്. റോഡിലെ വാഹന തിരക്ക് മൂലം പ്രവൃത്തിയുടെ ഭാഗമായ കലുങ്കിന്റെ നിർമ്മാണം രണ്ടു ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഇതിൽ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുള്ളതാണ്. തിരുവാണിയൂർ - വെട്ടിക്കൽ റോഡിൽ "General Budget work 2023-24 Bl,A &BC from Thiruvaniyoor (Km. 0/000 to Vettikkal Km. 2/530) General Civil Work" എന്ന ബഡ്ജറ്റ് പ്രവൃത്തി കരാറുകാരന് എഗ്രിമെന്റ് |

| | | | |
|---|---|---|---|
| | | | നടപടികൾ പൂർത്തിയാക്കി 31.08.2023 ന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. എന്നാൽ റോഡിൽ വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ (JJM) പ്രവൃത്തിയുള്ളതിനാൽ കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജലജിവൻ മിഷന്റെ കട്ടിംഗിനുള്ള റെസ്റ്റൊറേഷൻ തുക കേരള വാട്ടർ അതോറിറ്റി ഒടുക്കിയിട്ടില്ലാത്തതിനാൽ കട്ടിംഗിനുള്ള അനുവാദം നിലവിൽ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ